(ബി) ഇതിന്റെ ഫലമായി നീരുറവകൾ അപ്രത്യക്ഷമായിട്ടുണ്ടോ;

(സി) എങ്കിൽ എത്രയെണ്ണം എന്ന് പറയുമോ;

(ഡി) ഈ പാർക്കിനുവേണ്ടി എത്ര ഗ്യാലൻ വെള്ളം പ്രതിദിനം ആവശ്യമായി വരും;

(ഇ) ഈ വെള്ളത്തിനുവേണ്ടി കുഴൽ കിണർ നിർമ്മിക്കുന്നുണ്ടോ;

(എഫ്) ഇത്രയും ഭൂജലം ദിനംപ്രതി ഉപയോഗിക്കുന്നതിന്റെ ഫലമായി ആ പ്രദേശത്തുള്ള ഭൂജലത്തിൽ ഗണ്യമായ കുറവുണ്ടാകുമോ;

(ജി) എങ്കിൽ അതിനുള്ള പരിഹാരം എന്ത്;

(എച്ച്) അത് അവിടത്തെ കുടിവെള്ള പ്രശ്നത്തെ ബാധിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) റാട്ടർ തീം പാർക്കിന് പ്രതിദിനം 22250 ഗ്യാലൻ (101148 ലിറ്റർ) വെള്ളം വേണ്ടി വരും. തുടക്കത്തിൽ 48535 ഗ്യാലൻ (220640 ലിറ്റർ) വെള്ളം ആവശ്യമുണ്ട്.

(ഇ) രണ്ട് കുഴൽക്കിണറുകൾ നിർമ്മിച്ചു കഴിഞ്ഞു.

(എഫ്) & (ജി) പദ്ധതിയുടെ ആവശ്യത്തിനായി ഇപ്പോൾ അഞ്ചു കോടി ലിറ്റർ സംഭരണശേഷിയുള്ള ഒരു മഴവെള്ള സംഭരണി നിർമ്മിച്ചിട്ടുണ്ട്. ഈ സംഭരണിയുടെ നീളം 115 മീറ്ററും വീതി 60 മീറ്ററും ആഴം 8 മീറ്ററുമാണ്. ഭൂജലത്തിന്റെ ഉപയോഗം ഈ പദ്ധതി പ്രദേശത്ത് വളരെ പരിമിതമായതിനാലും മുഖ്യസ്രോതസ്സ് മഴവെള്ള സംഭരണിയായതിനാലും ഭൂജലത്തിന്റെ അളവിനെ ഇത് കാര്യമായി ബാധിക്കുന്നില്ല. പദ്ധതിയുടെ ഭൂജല ഉപയോഗം വളരെ പരിമിതമായതിനാലും പദ്ധതി പ്രദേശത്ത് വ്യാപകമായി മരം നട്ട് പിടിപ്പിക്കൽ പരിപാടി, ഭൂജല സംരോഷണത്തിനായുള്ള ഒരു പുതിയ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനാലും മറ്റു പരിഹാരമാർഗ്ഗങ്ങൾ ആവശ്യമില്ല.

(എച്ച്) വിശദമായ പഠനം നടത്തിയതിനുശേഷമേ അത് അവിടുത്തെ കുടിവെള്ള പ്രശ്നത്തെ ബാധിക്കുമോ എന്നു പറയുവാൻ സാധിക്കുകയുള്ളൂ.

കടൽക്കര സംരക്ഷണ പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച തുക

99 [1929] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്കര സംരക്ഷണ പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾക്ക് 2005-06 വർഷം ജൂൺ 31 വരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാസർഗോഡ് ജില്ലയിൽ നിന്നും ഇത്തരത്തിൽപ്പെട്ട എത്ര പ്രവർത്തികൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്നുള്ളത് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ അനുമതി നൽകാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) വെള്ളപ്പൊക്ക നിയന്ത്രണ പരിപാടികൾക്കായി കഴിഞ്ഞ നാലു വർഷമായി കാസർഗോഡ് ജില്ലയിൽ എന്തു തുക അനുവദിച്ചിട്ടുണ്ട് എന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചുവടെ ചേർത്തിരിക്കുന്നു:

ജില്ല	തുക (*ലക്ഷത്തിൽ*)
തിരുവനന്തപുരം	60.00
കൊല്ലം	60.00
ആലപ്പുഴ	346.50
എറണാകുളം	267.60
തൃശ്ശൂർ	24.00
കോഴിക്കോട്	60.00
മലപ്പുറം	60.00
കണ്ണൂർ	60.00
കാസർഗോഡ്	30.00

(ബി) & (സി) കാസർഗോഡ് നിയോജകമണ്ഡലത്തിൽ രണ്ട് പ്രവൃത്തികൾക്ക് 10 ലക്ഷം രൂപയുടേയും, ഉദുമ നിയോജകമണ്ഡലത്തിൽ 1 പ്രവൃത്തികൾക്ക് 20 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ചുവടെ ചേർത്തിരിക്കുന്നു:

കാസർഗോഡ്	10 ലക്ഷം
ഹോസ്ദുർഗ്	16 ലക്ഷം
തൃക്കരിപ്പൂർ	4.80 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly